"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ത്രിതല സംഘടന സംവിധാനം - തെരഞ്ഞെടുപ്പ നടത്തുന്നത് സംബന്ധിച്ച പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.323/2022/LSGD തീയതി,തിരുവനന്തപുരം, 14-02-2022

---

പരാമർശം:-
1. 11.11.2021 ലെ സ.ഉ.(അച്ചടി) നം.56/2021/തസ്വഭവ
2. 12.01.2022ലെ സ.ഉ.(സാധാ) നം.91/2022/തസ്വഭവ
3. കുടുംബശ്രീ എക്സിക്യൂട്ടിവ് ഡയറക്ടറുടെ 09.02.2022 ലെ 3737/എം./2017/കെ.എസ്.എച്ച്.ഒ നമ്പർ കത്ത്

## ഉത്തരവ്

കുടുംബശ്രീ ത്രിതല സംഘടനാ സമിതികളുടെ തിരഞ്ഞെടുപ്പ് നടത്തുന്നത് സംബന്ധിച്ച് പരാമർശം (1) ലെ ഉത്തരവ് പ്രകാരം മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത മാർഗ്ഗ നിർദ്ദേശമനുസരിച്ച് സി.ഡി.എസ് തെരെഞ്ഞെടുപ്പ് നടത്തേണ്ട തീയതി 2022 ജനുവരി 25-ഉം പുതിയ ഭരണ സമിതി ചുമതലയേൽക്കേണ്ട തീയതി 2022 ജനുവരി 26-ഉം ആയിരുന്നു. എന്നാൽ കോവിഡ് 19-ന്റെ വ്യാപനം വർദ്ധിച്ച സാഹചര്യത്തിൽ കൂടുതൽ നിയന്ത്രണങ്ങൾ ഏർ പ്പെടുത്തികൊണ്ട് സർക്കാർ ഉത്തരവാകുകയും പ്രസ്തുത ഉത്തരവ് പ്രകാരം കോവിഡ് വ്യാപന നിയന്ത്രണങ്ങളുടെ ഭാഗമായി ജില്ലകളെ എ, ബി, സി എന്നീ മൂന്നു വിഭാഗങ്ങളായി തരംതിരിക്കുകയും ചെയ്തിരുന്നു. ആയതിൽ ബി, സി വിഭാഗത്തിൽ ഉൾപ്പെടാത്ത 6 ജില്ലകളിൽ (കൊല്ലം, കോട്ടയം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകൾ) സർക്കാരും, ദുരന്തനിവാരണ അതോറിറ്റിയും, സംസ്ഥാന മിഷനും പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും നിർദ്ദേശങ്ങളും, ജില്ലാ ഭരണകൂടം പുറപ്പെടുവിക്കുന്ന കോവിഡ് സുരക്ഷാ മാനദണ്ഡങ്ങളും കൃത്യമായി പാലിച്ച്, അയൽക്കൂട്ട- എ.ഡി.എസ്-സി.ഡി.എസ് എന്നിവയുടെ തെരെഞ്ഞെടുപ്പുകൾ പൂർ ത്തീകരിക്കുകയുണ്ടായി. തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, തൃശ്ശൂർ, ഇടുക്കി, എറണാകുളം, പാലക്കാട്, വയനാട് ജില്ലകളിലെ അയൽക്കൂട്ടം, എ.ഡി.എസ് തല തെരെഞ്ഞെടുപ്പുകൾ പൂർത്തീകരിക്കുകയും, കോവിഡ് വ്യാപനത്തിന്റെ പശ്ചാതലത്തിൽ ടി ജില്ലകളിൽ സി.ഡി.എസ് തെരെഞ്ഞെടുപ്പുകൾ മാറ്റിവയ്ക്കുകയും ചെയ്യുകയുണ്ടായി. കേരളത്തിലെ മുഴുവൻ ജില്ലകളിലും സി.ഡി.എസ് തെരെഞ്ഞെടുപ്പ് പൂർത്തീകരിച്ചാൽ മാത്രമേ കുടുംബശ്രീ പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നതിനും ബഡ്ജറ്റ് പ്രകാരമുള്ള ഫണ്ടുകൾ സമയബന്ധിതമായി ചെലവഴിക്കാനും സാധിക്കുകയുള്ളുവെന്നതിനാൽ പരമാവധി 50 പേർ ഉൾപ്പെടുന്ന ഗ്രൂപ്പ് അടിസ്ഥാനത്തിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് തെരെഞ്ഞെടുപ്പ് നടത്തുന്നതിന് സർക്കാരിൽ നിന്നും ഉത്തരവുണ്ടാകണമെന്ന് പരാമർശ കത്ത് പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുടുംബശ്രീ ത്രിതല സംഘടനാ സമിതികളുടെ തെരഞ്ഞെടുപ്പ് നടപടികൾ നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യത്തിൽ, പരമാവധി 50 പേർ ഉൾപ്പെടുന്ന ഗ്രൂപ്പ് അടിസ്ഥാനത്തിൽ കോവിഡ് മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചുകൊണ്ട് 2022 ഫെബ്രുവരി 18-ന് സി.ഡി.എസ് തെരെഞ്ഞെടുപ്പ് നടത്തുന്നതിനും 2022 ഫെബ്രുവരി 19-ന് സി.ഡി.എസ് ഭരണ സമിതി ചുമതലയേൽക്കുന്ന വിധത്തിൽ തെരെഞ്ഞെടുപ്പ് പ്രക്രിയകൾ പൂർത്തീകരിക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ,കുടുംബശ്രീ.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രമാവികസ്സന കമ്മീഷണർ, തിരുവനന്തപുരം.
എല്ലാ ജില്ല കളക്ടർമാർക്കും.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ & ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഇ & ആർ എസ്.എ./ജി.&എസ്.എസ്.എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി (ഐ.എ1/166/2021/തസ്വഭവ)
വെബ് ആൻഡ് ന്യൂ മീഡിയ ,പി ആർ ഡി

ഉത്തരവിൻ പ്രകാരം
**Signed by Vijitha M B**
**Date: 14-02-2022 15:14:01**
സെക്ഷൻ ഓഫീസർ

പകർപ്പ് -ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ-യ്ക്ക്